# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1852, 16/02/2016-ലെ മറുപടിക്ക്

### ചേർത്തല സബ്ട്രഷറി ഓഫീസ്

| ചോദ്യം<br>ശ്രീ. പി തിലോത്തമൻ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
|---|---|

| | | |
|---|---|---|
| (എ) | ചേർത്തല സബ്ട്രഷറി ഓഫീസ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ നിന്നും സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; | സിവിൽ സ്റ്റേഷനിൽ ട്രഷറി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായി നടത്തി വരുന്ന വൈദ്യുതീകരണ മുൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകാത്തതിനാലാണ് സബ്ട്രഷറി മാറ്റുന്നതിന് കാലതാമസം നേരിടുന്നത്. |
| (ബി) | നിലവിൽ സിവിൽ സ്റ്റേഷനിൽ സബ്ട്രഷറി പ്രവർത്തിപ്പിക്കുവാൻ തയ്യാറാക്കിയിട്ടുള്ള കെട്ടിടത്തിലെ വൈദ്യുതീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ടാണ് വൈദ്യുതീകരണത്തിന് ഫണ്ട് അനുവദിക്കാത്തത് എന്ന് പറയാമോ; | ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതീകരണ ജോലിക്കായി ഫണ്ട് അനുവദിക്കുന്നതിനായുള്ള ഫയൽ ട്രഷറി ഡയറക്ടർക്ക് അയച്ചത് എന്നാണ്; ഇതിൽ നടപടിയാകാത്തതും പണം അനുവദിക്കാത്തതും എന്തുകൊണ്ടാണെന്ന് പറയാമോ; അടിയന്തരമായി തുക അനുവദിച്ച് സബ് ട്രഷറി ഓഫീസ് ഈ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ? | ആലപ്പുഴ ജില്ല ട്രഷറി ഓഫീസറുടെ 19/10/2015 ലെ ഇ 3/4677/2015 നം. കത്ത് പ്രകാരമാണ് വൈദ്യുതീകരണത്തിനായുള്ള അപേക്ഷ ട്രഷറി ഡയറക്ടർക്ക് ലഭിച്ചിട്ടുള്ളത്. 14/01/2016 ലെ ട്രഷറി ഡയറക്ടറുടെ നടപടിക്രമം നം. എ 1/1373/2011 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായാലുടൻ തന്നെ ട്രഷറി ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ